**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4384** **21.03.2018 ലെ മറുപടിക്ക്.**

**<u>സംസ്ഥാനത്തിനുപുറത്ത് ജോലി ചെയ്യുന്ന മലയാളികൾക്കായി ക്ഷേമപദ്ധതികൾ</u>**

<u>ചോദ്യം</u>
ശ്രീ.എം.സ്വരാജ്

<u>ഉത്തരം</u>
പിണറായി വിജയൻ
**(മുഖ്യമന്ത്രി)**

| | |
|---|---|
| **(എ)** വിദേശ മലയാളികളല്ലാതെ സംസ്ഥാനത്തിനുപുറത്ത് ജോലി ചെയ്യുന്ന മലയാളികൾക്കായി എന്തെല്ലാം ക്ഷേമപദ്ധതികൾ സർക്കാർ നടപ്പിലാക്കിവരുന്നുവെന്ന് വ്യക്തമാക്കാമോ;<br>**(ബി)** ഇവയുടെ വിശദാംശം അറിയിക്കാമോ? | **(എ) &(ബി)** വിദേശ മലയാളികളല്ലാതെ സംസ്ഥാനത്തിന് പുറത്ത് ജോലി ചെയ്യുന്ന മലയാളികൾക്കു മാത്രമായി പ്രവാസി കേരളീയകാര്യ വകുപ്പ് (നോർക്ക) പ്രത്യേക പദ്ധതികൾ തയ്യാറാക്കുന്നില്ല. എന്നാൽ നോർക്ക റൂട്ട്സ് മുഖേന പ്രവാസികളുടെ ഉന്നമനത്തിനായി സാന്ത്വന പദ്ധതി, കാരുണ്യ പദ്ധതി, ഇൻഷ്വറൻസ് പദ്ധതി എന്നിവ നടപ്പാക്കിയിട്ടുണ്ട്. ഇവയിൽ ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിൽ ജോലി ചെയ്യുന്ന മലയാളികളേയും ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രവാസ ജീവിതത്തിനു ശേഷം നാട്ടിൽ തിരികെയെത്തിയ കേരളീയർക്കായി നടപ്പാക്കിയിട്ടുള്ള ദുരിതാശ്വാസ നിധിയായ സാന്ത്വന പദ്ധതിയിൽ മറുനാടൻ മലയാളികൾക്കും ധനസഹായം നൽകി വരുന്നുണ്ട്. പ്രവാസികളായ കേരളീയർ (ഇന്ത്യക്ക് പുറത്തോ ഇന്ത്യയിലെ ഇതരസംസ്ഥാനങ്ങളിലോ ഉള്ളവർ) മരണമടഞ്ഞാൽ മൃതശരീരം സ്വദേശത്തേക്ക് കൊണ്ടുവരുന്നതിനുള്ള പ്രത്യേകനിധിയായി കാരുണ്യ പദ്ധതി രൂപകരിച്ചിട്ടുണ്ട്. അന്യസംസ്ഥാനങ്ങളിൽ താമസിക്കുന്ന മലയാളികൾക്കായി ഇൻഷ്വറൻസ് കാർഡ് ആരംഭിച്ചിട്ടുണ്ട്. നോർക്ക സഹായപദ്ധതികളുടെ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനും മറ്റും ഉള്ള തിരിച്ചറിയൽ കാർഡായി ഇത് ഉപയോഗിക്കാവുന്നതാണ്. അപകടമരണം, സ്ഥിരം/പൂർണ്ണ/ഭാഗീക വൈകല്യം എന്നിവയ്ക്ക് പരമാവധി രണ്ടുലക്ഷം രൂപ വരെ ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്.<br>പ്രവാസി കേരളീയർക്കായി ഒരു കാൾ സെൻറർ നോർക്ക സെൻററിൽ ആരംഭിച്ചിട്ടുണ്ട്. '1800 425 3939' എന്ന ടോൾ ഫ്രീ നമ്പറിൽ വിവരങ്ങൾ ലഭ്യമാകുന്നതാണ്. നോർക്ക-റൂട്ട്സിന്റെ പ്രവർത്തനങ്ങൾ കേരളത്തിനു പുറത്ത് മറുനാടൻ |

| | |
|---|---|
| | മലയാളികളുടെ ഇടയിൽ കൂടുതൽ വ്യാപിപ്പിക്കുന്നതിനും സേവനങ്ങൾ താമസംവിനാ ലഭ്യമാക്കുന്നതിനും വേണ്ടി ന്യൂഡൽഹി, മുംബൈ എന്നിവിടങ്ങളിൽ എൻ.ആർ.കെ ഡെവലപ്പ്മെൻറ് ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ചെന്നൈ, ബറോഡ, ബാംഗ്ളൂർ, ഹൈദരാബാദ് എന്നിവിടങ്ങളിൽ നോർക്ക-റൂട്ട്സ് സാറ്റലൈറ്റ് ഓഫീസുകളുടെ പ്രവർത്തനവും ആരംഭിച്ചിട്ടുണ്ട്.<br>കേരളപ്രവാസി ക്ഷേമ ബോർഡിന്റെ പ്രവാസി ക്ഷേമ നിധിയിൽ ചട്ടപ്രകാരം അംഗത്വം എടുത്ത് അംശാദായം അടയ്ക്കുന്നവർക്ക് 60 വയസ്സിനു ശേഷം 2000 രൂപ വീതം പ്രതിമാസ പെൻഷൻ അനുവദിച്ചുവരുന്നുണ്ട്. ഇതു കൂടാതെ ചികിത്സ ധനസഹായം, മരണാനന്തര ധനസഹായം, പ്രസവാനുകൂല്യം,വിദ്യാഭ്യാസ ഗ്രാന്റ് എന്നിവയും വ്യവസ്ഥകൾക്ക് വിധേയമായി അനുവദിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ